# കേരള നിയമസഭ
# 13.06.2014-ലെ മറുപടിക്ക്

## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2014 ജൂൺ 13, വെള്ളി

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

(ആകെ ചോദ്യങ്ങൾ - 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി |
| ധനകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |

### ജൈവകൃഷി പ്രോത്സാഹനം

*121 ശ്രീ. പി.കെ. ബഷീർ
,, സി. മോയിൻകുട്ടി
,, കെ. മുഹമ്മദുണ്ണി ഹാജി
,, പി.കെ. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജൈവകൃഷി പ്രോത്സാഹനം സംബന്ധിച്ച നയം വ്യക്തമാക്കുമോ;

(ബി) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സമ്പൂർണ്ണമായും ജൈവ വളങ്ങളും, പരമ്പരാഗത രീതികളും അവലംബിച്ച് ഉല്പാദിപ്പിക്കുന്ന വിഭവങ്ങളുടെ ലാഭകരമായ വിപണനത്തിന് എന്തൊക്കെ സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ജൈവകൃഷി വിഭവങ്ങളെന്ന പേരിൽ വിഷമയ വിഭവങ്ങൾ വൻ വിലയിൽ വിറ്റഴിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിശോധിക്കാൻ എന്ത് സംവിധാനമാണുള്ളത്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>മൊബൈൽ ഫോൺ സംസ്കാരം</u>

*122

ശ്രീ. പി. ഉബൈദുള്ള
,, എം. ഉമ്മർ
,, കെ. എൻ. എ. ഖാദർ
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൊബൈൽ ഫോണുകളുടെ അമിത ഉപയോഗവും, ദുരുപയോഗവും, ആരോഗ്യപ്രശ്നങ്ങളോടൊപ്പം സമൂഹത്തിന്റെ സാംസ്കാരിക നിലവാരത്തെയും ദോഷകരമായി ബാധിച്ചുകൊണ്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങളോ നടപടികളോ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മൊബൈൽ ഫോൺ സംസ്കാരത്തിന്റെ ദു:സ്വാധീനം പുതുതലമുറയിൽ കുറയ്ക്കാൻ അഭിപ്രായ രൂപീകരണം, ബോധവത്ക്കരണം എന്നീ കാര്യങ്ങളിൽ ആവശ്യമായ തുടക്കം കുറിക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>ശുചിത്വ മിഷൻ പദ്ധതി</u>

*123 ശ്രീ. കെ. മുരളീധരൻ
,, ഷാഫി പറമ്പിൽ
,, ജോസഫ് വാഴക്കൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശുചിത്വ മിഷൻ പദ്ധതി നടപ്പാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കുന്നതിനുള്ള കേന്ദ്ര സഹായങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനുള്ള തുക എങ്ങനെയാണ് കണ്ടെത്തുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>നഗരജീവിതം സുഗമമാക്കുന്നതിന് നടപടി</u>

*124

ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, വി. എം. ഉമ്മർ മാസ്റ്റർ
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെട്രോ നഗരങ്ങളുൾപ്പെടെയുള്ള നഗരങ്ങളിലെ ജനജീവിതം സുഗമമാക്കുന്നതിന് വിവിധ വകുപ്പുകൾ നടപ്പാക്കേണ്ട പദ്ധതികളുടെയും പ്രവൃത്തികളുടെയും ഏകോപനത്തിനും കൃത്യമായ മോണിട്ടറിംഗിനും നഗരകാര്യവകുപ്പ് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഏകോപന സംവിധാനം പ്രവർത്തിക്കാത്തതുമൂലം നഗരവാസികൾ നേരിടുന്ന മാലിന്യനിർമ്മാർജ്ജനം, വെള്ളപ്പൊക്കം, ഗതാഗതപ്രശ്നങ്ങൾ, സുരക്ഷാ സംവിധാനങ്ങൾ എന്നിവയ്ക്കായി വിവിധ വകുപ്പുകൾ നിരവധി പദ്ധതികൾ പരസ്പര സഹകരണമില്ലാതെ നടപ്പാക്കുന്നുണ്ടെങ്കിലും ജനങ്ങൾക്ക് അവ പ്രയോജനപ്രദമാകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഒരു ഏകോപിത സംവിധാനം ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

പ്രധാനമന്ത്രി ഗ്രാമീണ്‍ സഡക്ക് യോജന

*125 ശ്രീ. കെ. അച്ചുതന്‍
,, ആര്‍. സെല്‍വരാജ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പ്രധാനമന്ത്രി ഗ്രാമീണ്‍ സഡക്ക് യോജന നടപ്പാക്കാന്‍ സ്വീകരിച്ച നടപടികള്‍ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയില്‍ ഉള്‍പ്പെട്ട എത്ര ഗ്രാമീണ റോഡുകളാണ് നിലവിലുള്ളത്;

(സി) പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിന് കേന്ദ്രവും സംസ്ഥാനവും എത്ര തുക വീതമാണ് നീക്കിവച്ചിട്ടുള്ളത്; വിശദാംശങ്ങള്‍ എന്തെല്ലാം;

(ഡി) ഇവയുടെ നിര്‍മ്മാണ പ്രവൃത്തികള്‍ക്കായി സ്വീകരിച്ച നടപടികള്‍ വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

സമഗ്ര പച്ചക്കറി വികസന പദ്ധതി

*126 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വി.പി. സജീന്ദ്രൻ
,, ഐ.സി. ബാലകൃഷ്ണൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്ര പച്ചക്കറി വികസന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത വികസന പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; പ്രസ്തുത പദ്ധതി എവിടെയെല്ലാമാണ് നടപ്പിലാക്കുവാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് കർഷകർക്ക് ലഭ്യമാക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>കൃഷികൾക്ക് നഷ്ടപരിഹാരം</u>

*127 ശ്രീ. ജോസ് തെറ്റയിൽ
,, മാത്യു. റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷിയിടങ്ങൾ കാർഷികേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി ഉണ്ടാകുന്ന കാർഷിക നഷ്ടങ്ങൾക്ക് നൽകുന്ന നഷ്ടപരിഹാരം പര്യാപ്തമാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) കാലാവസ്ഥാമാറ്റങ്ങൾ വളരെ വേഗത്തിൽ കർഷകരെ അറിയിക്കുവാനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

**തൊഴിലുറപ്പ് പദ്ധതിയിൽ ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സംവിധാനം**

*128 ശ്രീ. ലൂഡി ലൂയിസ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, കെ. ശിവദാസൻ നായർ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയിൽ ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയിൽ തൊഴിലാളികൾക്ക് അക്കൗണ്ട് ഉള്ള ബാങ്കുകളിലേക്ക് വേതനം നേരിട്ട് നൽകുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഏതെല്ലാം സ്ഥാപനങ്ങളാണ് ഇതുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വകമാറ്റൽ

*129 ശ്രീ. എ. പ്രദീപ്കുമാർ
,, കെ. രാധാകൃഷ്ണൻ
,, റ്റി.വി. രാജേഷ്
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയുടെ കുടിശ്ശികവേതനം വിതരണം ചെയ്യുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വകമാറ്റാൻ സർക്കാർ നിർദ്ദേശം നൽകിയിരുന്നുവോ;

(ബി) ഫണ്ട് വകമാറ്റിയതു മൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കിവച്ചിട്ടുള്ള ഫണ്ട് മറ്റാവശ്യങ്ങൾക്ക് വക മാറ്റുന്നത് ചട്ടങ്ങൾക്ക് വിധേയമാണോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ട് വിനിയോഗം</u>

*130 ശ്രീ. എസ്. ശർമ്മ
,, എ. എം. ആരിഫ്
,, ആർ. രാജേഷ്
ശ്രീമതി. കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തിക വർഷത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ട് വിനിയോഗം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) വികസന ഫണ്ടിന്റെ അൻപതു ശതമാനം അടുത്ത വർഷത്തേയ്ക്ക് ഉപയോഗിക്കാൻ നിർദ്ദേശം നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇത്തരത്തിൽ ഒരു നിർദ്ദേശം നൽകുവാനുണ്ടായ സാഹചര്യം എന്തായിരുന്നു എന്നറിയിക്കുമോ;

(ഡി) ഇത് പദ്ധതി നിർവ്വഹണത്തെയും ഫണ്ട് വിനിയോഗത്തെയും സാരമായി ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 13.06.2014–ലെ മറുപടിക്ക്

<u>ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ പരിശീലന കേന്ദ്രങ്ങൾ</u>

*131 ശ്രീ. പി. സി. വിഷ്ണുനാഥ്
,, അൻവർ സാദത്ത്
,, ഹൈബി ഈഡൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കായി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) പ്രസ്തുത പരിശീലന കേന്ദ്രങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) പരിശീലന കേന്ദ്രങ്ങൾ തുടങ്ങാൻ അനുമതി നൽകിയിട്ടുണ്ടോ;

(ഡി) എവിടെയെല്ലാമാണ് ഇത്തരം പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്;' വിശദാംശങ്ങൾ നൽകുമോ?

**കേരള നിയമസഭ**
**13.06.2014-ലെ മറുപടിക്ക്**

<u>റിയൽ എസ്റ്റേറ്റ് മേഖലയിലെ ചൂഷണം തടയുന്നതിനുള്ള നിയമം</u>

*132 ശ്രീ. ബെന്നി ബെഹനാൻ
,, കെ. ശിവദാസൻ നായർ
,, കെ. മുരളീധരൻ
,, റ്റി.എൻ പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റിയൽ എസ്റ്റേറ്റ് മേഖലയിലെ ചൂഷണങ്ങൾ തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി നിയമനിർമ്മാണത്തിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഫ്ളാറ്റുകളുടെയും ഷോപ്പിംഗ് കോംപ്ലക്സുകളുടെയും ഗാർഹിക വാണിജ്യ-ഓഫീസ് കെട്ടിടങ്ങളുടെയും അവയുടെ സ്ഥലങ്ങളുടെയും വിൽപ്പനയും നിർമ്മാണവും നിയമവിധേയമാക്കാൻ എന്തെല്ലാം വ്യവസ്ഥകളാണ് പ്രസ്തുത നിയമത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**13.06.2014-ലെ മറുപടിക്ക്**

<u>നെൽകൃഷിക്കാർക്ക് നഷ്ടപരിഹാരം</u>

*133 ശ്രീ. തോമസ് ഉണ്ണിയാടൻ
,, മോൻസ് ജോസഫ്
,, സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി നശിച്ച കർഷകർക്ക് സമയബന്ധിതമായി നഷ്ടപരിഹാരം നൽകുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) കൃഷിനാശം സംഭവിച്ചാലുടനെതന്നെ റിപ്പോർട്ട് ശേഖരിച്ച് കാലതാമസംകൂടാതെ നഷ്ടപരിഹാരം നൽകി നെൽകൃഷിയെ സംരക്ഷിക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>ക്ലീൻ കേരള പദ്ധതി</u>

*134 ശ്രീ. സി. പി. മുഹമ്മദ്
'' വി. റ്റി. ബൽറാം
'' ജോസഫ് വാഴക്കൻ
'' പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിഷൻ 676 ൽ ഉൾപ്പെടുത്തി ക്ലീൻ കേരള പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം പദ്ധതികളാണ് പ്രസ്തുത മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ സംബന്ധിച്ചുള്ള രുപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(ഡി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

രാജീവ്ഗാന്ധി സേവാ കേന്ദ്രങ്ങളുടെ പ്രവര്‍ത്തനം

*135 ശ്രീ. എം. പി. വിന്‍സെന്റ്
,, ബെന്നി ബെഹനാന്‍
,, ആര്‍. സെല്‍വരാജ്
,, അന്‍വര്‍ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കീഴില്‍ രാജീവ്ഗാന്ധി സേവാ കേന്ദ്രങ്ങളുടെ പ്രവര്‍ത്തനം ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) എന്തെല്ലാം സേവനങ്ങളും പ്രവൃത്തികളുമാണ് പ്രസ്തുത കേന്ദ്രങ്ങള്‍ വഴി ചെയ്യുന്നതെന്ന് വിശദീകരിക്കുമോ;

(ഡി) തൊഴിലുറപ്പ്പദ്ധതി കാര്യക്ഷമമാക്കുന്നതിന് പ്രസ്തുത കേന്ദ്രങ്ങള്‍ എത്ര മാത്രം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

റബ്ബർ സംഭരണം

*136 ശ്രീ. ജി സുധാകരൻ
,, ഇ.പി. ജയരാജൻ
,, സാജു പോൾ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റബ്ബർ സംഭരണ നടപടികളെ സംബന്ധിച്ച് ഏറ്റവും അവസാനം അവലോകനം നടത്തിയതിന്റെ വിശദാംശങ്ങൾ നൽകാമോ;

(ബി) സംഭരണ ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ;

(സി) സംഭരണത്തിൽ ഏർപ്പെട്ടിരിക്കുന്ന ഏജൻസികൾ ഏതൊക്കെയാണ്; ഇവർക്ക് സംഭരണത്തിനായുള്ള ഫണ്ട് ലഭ്യമാക്കിയതെങ്ങനെയാണ്; ഇവ ഓരോന്നും നാളിതുവരെ നടത്തിയ സംഭരണവും ചെലവാക്കിയ തുകയും വിശദമാക്കാമോ;

(ഡി) സംഭരണ ഏജൻസികൾക്ക് ഹാന്റിലിംഗ് ചാർജ് ഉൾപ്പെടെ എന്തെല്ലാം ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിരുന്നു; അവ പൂർണ്ണമായും നല്കിയിട്ടുണ്ടോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>അഗ്രോ ക്ലിനിക്കുകളുടെ പ്രവർത്തനം</u>

*137 ശ്രീ. മുല്ലക്കര രത്നാകരൻ
,, വി. എസ്. സുനിൽ കുമാർ
,, ഇ. കെ. വിജയൻ
,, കെ. രാജു.

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര അഗ്രോ ക്ലിനിക്കുകൾ ഉണ്ട്; ഇവയിൽ ഇപ്പോൾ പ്രവർത്തിക്കുന്നവ എത്ര; പ്രസ്തുത ക്ലിനിക്കുകളുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദമാക്കുമോ;

(ബി) നെല്ല്, നാളികേരം, വാഴ, പച്ചക്കറി, കിഴങ്ങുവർഗ്ഗ വിളകൾ, ഇഞ്ചി, മഞ്ഞൾ, കുരുമുളക് എന്നിവ കൃഷിചെയ്യുന്ന കർഷകർക്ക് അഗ്രോ ക്ലിനിക്കുകളിൽ നിന്നും എന്തെല്ലാം സഹായങ്ങളാണ് ലഭിച്ചുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) അഗ്രോ ക്ലിനിക്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>കൃഷിഭവനുകളിലെ സമിതികൾ</u>

*138 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷി ഭവനുകളിൽ കർഷകരെ ഉൾപ്പെടുത്തി സമിതികൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരൊക്കെയാണ് പ്രസ്തുത സമിതിയിലെ അംഗങ്ങൾ;

(സി) സമിതിയുടെ പ്രവർത്തനോദ്ദേശ്യം വ്യക്തമാക്കുമോ;

(ഡി) കാർഷിക മേഖലയിൽ പ്രസ്തുത സമിതിക്ക് ചെയ്യാൻ കഴിയുന്ന ഗുണകരമായ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>നഗരസഭാ പദ്ധതികൾക്ക് സാങ്കേതികസഹായം</u>

*139 ശ്രീ. എ. റ്റി. ജോർജ്
,, വി. ഡി. സതീശൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരസഭാ പദ്ധതികൾക്ക് സാങ്കേതികസഹായം നൽകുവാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആരുടെയെല്ലാം സഹായമാണ് പ്രസ്തുത പദ്ധതിക്കായി പ്രയോജനപ്പെടുത്തുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്ക് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**13.06.2014–ലെ മറുപടിക്ക്**

<u>രാസവള വിലവര്‍ദ്ധനവ്</u>

*140 ശ്രീ. സി. കെ. സദാശിവന്‍
,, ജെയിംസ് മാത്യു
,, വി. ചെന്താമരാക്ഷന്‍
,, കെ. കെ. ജയചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) രാസവള വിലവര്‍ദ്ധനവ് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഇതിന് കാരണമായ ഘടകങ്ങള്‍ എന്തൊക്കെയാണ്;

(ബി) രാസവളങ്ങള്‍ക്ക് സബ്സിഡി നല്‍കി വരുന്നുണ്ടോ; വിശദാംശങ്ങള്‍ നല്‍കാമോ;

(സി) രാസവളങ്ങള്‍ക്ക് അമിതമായി വില വര്‍ദ്ധിക്കുന്ന സാഹചര്യത്തില്‍ നിലവില്‍ നല്‍കിവരുന്ന സബ്സിഡി ഉയര്‍ത്താന്‍ തയ്യാറാകുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>സ്കൂളുകളിലെ ബയോഗ്യാസ് പ്ലാന്റുകൾ</u>

*141 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, വർക്കല കഹാർ
,, ഷാഫി പറമ്പിൽ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്കായി സ്കൂളുകളെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതി നടപ്പാക്കുന്നതിനുള്ള ധനസമാഹരണം എപ്രകാരം നടത്താനാണ് ഉദ്ദേശിക്കുന്നത് ?

## കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളിലെ ജാഗ്രതാ സമിതികൾ</u>

*142 ശ്രീ. വി. ശശി
,, ഇ. ചന്ദ്രശേഖരൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ പഞ്ചായത്തുകളിലും ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; ഇതിൽ പ്രവർത്തനക്ഷമമായ എത്ര ജാഗ്രതാ സമിതികളുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ജാഗ്രതാ സമിതിയുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) പ്രവർത്തനരഹിതമായ ജാഗ്രതാ സമിതികൾ പുന:സംഘടിപ്പിക്കുന്നതിനും പ്രവർത്തന ക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ജാഗ്രതാ സമിതികളെ സഹായിക്കുന്നതിനുള്ള വാർഡുതല സമിതികൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ വാർഡ് തല സമിതികളെ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിച്ചെലവ്

*143 ശ്രീ. എളമരം കരീം
ഡോ. ടി. എം. തോമസ് ഐസക്ക്
ശ്രീ. ബാബു എം. പാലിശ്ശേരി
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 വർഷത്തിലെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതിച്ചെലവിനെ സംബന്ധിച്ച അവലോകനം നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ; ഒന്നാം വാർഷിക പദ്ധതിയുടെ സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ പദ്ധതിയിൽ ഉൾപ്പെട്ട മുഴുവൻ പ്രോജക്ടുകളും വിശകലനത്തിന് വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കപ്പെട്ട തുകയിൽ നിന്നും വകമാറ്റൽ നടത്തിയിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ നൽകാമോ;

(സി) പദ്ധതി തുക ചെലവഴിക്കാതെ വന്നിട്ടുണ്ടോ; ഇത് വകമാറ്റാൻ ഇടയാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

ഗ്രാമീണ തൊഴിലുറപ്പു പദ്ധതി - ഒഴിവാക്കപ്പെട്ട മേഖലകൾ

*144 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, വി. എസ്. സുനിൽ കുമാർ
,, പി. തിലോത്തമൻ
,, മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ നിന്നും ഏതെങ്കിലും മേഖലകളെ ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ ഒഴിവാക്കിയ മേഖലകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പല മേഖലകളും ഒഴിവാക്കപ്പെട്ടതുമൂലം തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ കുറയുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഏത് കാലം വരെയുള്ള പദ്ധതികളാണ് ഒഴിവാക്കിയിട്ടുള്ളത്; പ്രസ്തുത പദ്ധതികൾ പുനഃപരിശോധനയ്ക്ക് വിധേയമാക്കണമെന്ന നിർദ്ദേശമുണ്ടായിട്ടുണ്ടോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>ത്രിതല പഞ്ചായത്തുകൾ വഴിയുള്ള വ്യക്തിഗത ആനുകൂല്യങ്ങളുടെ ലഭ്യത</u>

*145 ശ്രീ. സി.എഫ്. തോമസ്
,, റ്റി.യു കുരുവിള
,, തോമസ് ഉണ്ണിയാടൻ
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകൾ വഴി നൽകി വരുന്ന വ്യക്തിഗത ആനുകൂല്യങ്ങൾ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ത്രിതല പഞ്ചായത്തുകൾ വഴി പൊതുജനങ്ങൾക്ക് കാര്യക്ഷമമായ സേവനം ലഭിക്കുന്നതിന് കമ്പ്യൂട്ടർവൽക്കരണം ഉൾപ്പെടെയുള്ള കൂടുതൽ ഭൗതിക സാഹചര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**13.06.2014-ലെ മറുപടിക്ക്**

<u>ഇന്ദിരാ ആവാസ് യോജന</u>

*146 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
ഡോ. കെ.ടി ജലീൽ
ശ്രീ. ജെയിംസ് മാത്യു
,, ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഇന്ദിരാ ആവാസ് യോജന' പ്രകാരം സംസ്ഥാനത്തിന് അനുവദിച്ച തുക ഗുണഭോക്താക്കൾക്ക് പൂർണ്ണമായും ലഭ്യമാക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുള്ളതായ സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗുണഭോക്താക്കൾക്ക് തുക ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മറ്റ് വിധത്തിൽ ഫണ്ട് ശേഖരിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നുവോ; വിശദാംശം നൽകാമോ;

(സി) ഇത് ഫലപ്രദമായി നടപ്പാക്കാൻ തദ്ദേശസ്ഥാപനങ്ങൾക്ക് സാധിച്ചിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ?

**കേരള നിയമസഭ**
**13.06.2014-ലെ മറുപടിക്ക്**

<u>പൈനാപ്പിൾ മിഷൻ</u>

*147 ശ്രീ. ജോസഫ് വാഴക്കൻ
,, ബെന്നി ബെഹനാൻ
,, സണ്ണി ജോസഫ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൈനാപ്പിൾ മിഷന്റെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പൈനാപ്പിൾ കൃഷി തദ്ദേശീയ സവിശേഷതകളോടെ വ്യാപിപ്പിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് മിഷനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) മിഷന്റെ പ്രവർത്തനത്തിന് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതിയിലെ പ്രശ്നങ്ങൾ പഠിക്കാൻ സമിതി</u>

*148 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, പി. കെ. ഗുരുദാസൻ
,, ബി. സത്യൻ
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠിക്കാൻ സംസ്ഥാന സർക്കാർ നിയോഗിച്ച സമിതി എന്തെങ്കിലും ശുപാർശകൾ സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ശുപാർശ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ശുപാർശകളിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) നിയമപ്രകാരം എല്ലാ വിഭാഗങ്ങൾക്കും പ്രാതിനിധ്യമുള്ള തരത്തിൽ തൊഴിലുറപ്പ് കൗൺസിൽ പുന:സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>റബ്ബർ സംഭരണം - ഫണ്ടിന്റെ അപര്യാപ്തത</u>

*149 ശ്രീ. എം. എ. ബേബി
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, കെ. കെ. ജയചന്ദ്രൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക വിപണിയിൽ ഇടപെട്ട് സഹായം നൽകൽ പദ്ധതിപ്രകാരം റബ്ബർ സംഭരണത്തിന് ആവശ്യമായ തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) സംസ്ഥാനത്തെ റബ്ബർ സംഭരണത്തിന് ഫണ്ടിന്റെ അപര്യാപ്തത തടസ്സം നിൽക്കുന്നതായ സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) റബ്ബർ സംഭരണം ഊർജ്ജിതമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

റബ്ബർ സംഭരണ ഏജൻസികൾക്കുള്ള ഫണ്ട്

*150 ശ്രീ. എസ്. രാജേന്ദ്രൻ
,, കെ. രാധാകൃഷ്ണൻ
,, രാജു എബ്രഹാം
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റബ്ബർ സംഭരണത്തെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) കർഷകരിൽ നിന്നും സംഭരിച്ച റബ്ബറിന് യഥാസമയം വില നൽകുന്നുണ്ടോ ; ഈയിനത്തിൽ കുടിശ്ശിക യുണ്ടോ ; വിശദമാക്കുമോ ;

(സി) ഫണ്ടിന്റെ അപര്യാപ്തത സംഭരണത്തിന് തടസ്സം നിൽക്കുന്നുണ്ടോ ;

(ഡി) സംഭരണ ഏജൻസികൾക്ക് ഏതെല്ലാം തരത്തിലാണ് ഇപ്പോൾ ഫണ്ട് ലഭ്യമാക്കുന്നതെന്നറിയിക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജൂൺ 4.

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്. [ചട്ടം 47(1)]